**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *322** **22/08/2017-ന് മറുപടിക്ക്**

# പി.എസ്.സി. ചോദ്യപേപ്പറുകൾ മലയാളത്തിൽ കൂടി തയ്യാറാക്കുന്നതിനു നടപടി

**ചോദ്യം**
**ശ്രീമതി.സി.കെ.ആശ**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീ.വി.ആർ.സുനിൽകുമാർ**

**ഉത്തരം**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 97 ശതമാനം ജനങ്ങളും മാതൃഭാഷയായ മലയാളം സംസാരിക്കുന്ന കേരളത്തിൽ, പി.എസ്.സി. പരീക്ഷകളിൽ ഇംഗ്ലീഷിൽ മാത്രം ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ശരിയായ നടപടിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളിലും ആവശ്യമുള്ളവർക്ക് മലയാളത്തിൽ ചോദ്യപേപ്പറുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ പി.എസ്.സി. ചൂണ്ടിക്കാട്ടിയിരുന്നു. |
| (ബി) | സാധാരണ ജനങ്ങളുമായി ബന്ധപ്പെടുന്ന ഓഫീസുകളിൽ മലയാളം അറിയാത്തവർ നിയമിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനായി എല്ലാ പി.എസ്.സി. പരീക്ഷകളും മലയാള മാധ്യമത്തിൽകൂടി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | എസ്.എസ്.എൽ.സി.യും അതിനു താഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ള എല്ലാ തസ്തികകൾക്കും എച്ച്.എസ്.എ തസ്തികകൾക്കും (ഭാഷാവിഷയങ്ങൾ ഒഴികെ) പരീക്ഷകൾ മലയാളത്തിലാണ് നടത്തുന്നത്. എസ്.എസ്.എൽ.സി.യ്ക്ക് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്ക് മാത്രമാണ് ഇംഗ്ലീഷ് ഭാഷയിൽ പരീക്ഷ നടത്തുന്നത്. ഡിഗ്രി യോഗ്യതയായുള്ള അസിസ്റ്റന്റ് പരീക്ഷകളിൽ പത്തുമാർക്കിന് ഭരണഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഒരു ഭാഷയെന്ന നിലയിൽ മലയാളം പഠിച്ചിട്ടില്ലാതെ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, നിയമനം ലഭിച്ച് രണ്ടു വർഷത്തിനുള്ളിൽ മലയാളം തുല്യതാ പരീക്ഷ പാസാകണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | പത്താം ക്ലാസ് വരെ അല്ലെങ്കിൽ പ്ലസ് ടു/ബിരുദ തലത്തിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മലയാളം പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി 19.10.2013-ലെ സ.ഉ.(കൈ)നം.29/2013 |

| | | | |
|---|---|---|---|
| | | | ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിയമസഭയുടെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതേസമയം എൽ.ഡി.ക്ലാർക്ക് (കന്നഡ & മലയാളം) എൽ.ഡി.ക്ലാർക്ക് (തമിഴ് & മലയാളം) തസ്തികകളിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സെക്കന്റ് ക്ലാസ് ലാംഗ്വേജ് ടെസ്റ്റ് (വകുപ്പുതല പരീക്ഷ) പാസ്സാകേണ്ടതുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ